LIBRARY ARCHIVES Kerala Legislative Assembly

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് കൊടുത്തുവന്നിരുന്ന ഗ്രാന്റ്

43 [4783] ശ്രീ. എൻ. ശക്തൻ:
„ എ. കെ. മണി:
„ ജി. പ്രതാപവർമ്മ തമ്പാൻ:
„ എൻ. ഡി. അപ്പച്ചൻ:
„ പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംയോജനത്തെത്തുടർന്ന് രൂപം കൊടുത്ത കവനന്റ് അനുസരിച്ച് ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് കൊടുത്തു വന്നിരുന്ന ഗ്രാന്റ് എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) അത് എപ്പോഴെങ്കിലും വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത തുക വർദ്ധിപ്പിക്കാനുദ്ദേശ്യമുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ആറ് ലക്ഷം രൂപ നൽകിവരുന്നുണ്ട്.

(ബി) 1995 മുതൽ പ്രതിവർഷം 2 ലക്ഷം രൂപ കൂടി സ്പെഷ്യൽ ഗ്രാന്റായി നൽകിവരുന്നുണ്ട്. ഗ്രാന്റ് വർദ്ധിപ്പിക്കണമെന്ന അപേക്ഷ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ആശ്രിത നിയമനത്തിന് സ്വീകരിക്കുന്ന മാനദണ്ഡം

44 [4784] ശ്രീ. തോമസ് ചാഴികാടൻ:
„ റോഷി അഗസ്റ്റിൻ:
„ കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ആശ്രിത നിയമനത്തിന് വ്യക്തമായ മാനദണ്ഡം സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ എന്നുവരെ അപേക്ഷ നൽകിയവർക്ക് ആശ്രിത നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത നിയമനം ഏതൊക്കെ തസ്തികകളിൽ നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിൽ നടത്താനുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ചവരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്നു പ്രസിദ്ധപ്പെടുത്തുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ക്ഷേത്രങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ നിയമനം ആവശ്യപ്പെട്ടിട്ടുള്ള എല്ലാ അപേക്ഷകർക്കും നിയമനം നൽകിയിട്ടുണ്ട്. ക്ലറിക്കൽ കേഡർ തസ്തികയിൽ നിയമനത്തിനായി 46 പേരടങ്ങുന്ന ആദ്യ ലിസ്റ്റും 45 പേരടങ്ങുന്ന രണ്ടാമത്തെ ലിസ്റ്റും നിലവിലുള്ളതിനാൽ ക്ലറിക്കൽ തസ്തികയിൽ സീനിയോറിറ്റി ക്രമത്തിൽ നിയമനം നൽകിയതോടൊപ്പം, ഈ തസ്തികയിൽ നിയമനത്തിന് കാലതാമസം വരുമെന്നുള്ളതുകൊണ്ട് ടി 2 ലിസ്റ്റുകളിൽനിന്നും ക്ഷേത്ര ജീവനക്കാരായും പ്യൂണായും അപേക്ഷകരുടെ സമ്മതത്തോടെ നിയമനം നൽകിയശേഷം ആദ്യ ലിസ്റ്റിൽ 5 പേരും രണ്ടാമത്തെ ലിസ്റ്റിൽ 28 പേരും അവശേഷിക്കുന്നു. കൂടാതെ പ്യൂൺ തസ്തികയിൽ നിയമനത്തിനായുള്ള ആദ്യലിസ്റ്റുകളിൽ ഉണ്ടായിരുന്നവർക്ക് നിയമനം നൽകിയിട്ടുള്ളതും ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള 24 പേരുടെ ലിസ്റ്റിൽ 3 പേർക്ക് നിയമനം നൽകിയിട്ടുള്ളതുമാണ് എന്നും ബോർഡ് അറിയിച്ചിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മാനേജ്മെന്റിലുള്ള സ്കൂളുകളിൽ ജോലി ചെയ്യുന്നവരെ ടി ആശ്രിത നിയമന വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എൽ. ഡി. ക്ലർക്ക് തസ്തികയിൽ നിയമനത്തിനായി അപേക്ഷിച്ചവരിൽ 15-7-1987 വരെയുള്ളവർക്കും പ്യൂൺ തസ്തികയിൽ 15-6-1993 വരെയുള്ളവർക്കും ക്ഷേത്ര ജീവനക്കാരായി നിയമനത്തിനുള്ള അപേക്ഷകളിൽ 7-2-2002 വരെയുള്ളവർക്കും നിയമനം നൽകിയിട്ടുള്ളതായി ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഉദിക്കുന്നില്ല.

"കൃഷി ആദായകരമാക്കുന്നതിന് പദ്ധതി"

45 [4786] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ആദായകരമാക്കുന്നതിനുവേണ്ടി സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്;

(ബി) കാർഷികോൽപ്പന്നങ്ങൾക്ക് കയറ്റുമതി സാദ്ധ്യതകൾ വിപുലീകരിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് കയറ്റുമതി മേഖലകൾ ആരംഭിച്ചിട്ടുണ്ടോ; ഇവയുടെ പ്രവർത്തനം തുടങ്ങിയോ എന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങൾ കയറ്റുമതി നടത്താൻ വിപണി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രധാനപ്പെട്ട കാർഷിക വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിച്ച് തദ്വാരാ കൃഷി കൂടുതൽ ആദായകരമാക്കുന്നതിനായി സംസ്ഥാന പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly